മേൽപ്പറഞ്ഞ നിയമനങ്ങളെല്ലാംതന്നെ പത്രപരസ്യം നൽകി ഇന്റർവ്യൂ നടത്തി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് നടത്തിയിട്ടുള്ളത്.

മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ

224 (2434) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷനാക്കുന്നത് സംബന്ധിച്ച പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ മാമ്പുഴ സംരക്ഷിച്ച് ജലപാതയൊരുക്കാനും ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആക്കുന്നതിനുമുള്ള പദ്ധതിയുടെ വികസന സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് ഡി.റ്റി.പി.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അനധികൃത ജലവിനോദ യാത്ര

225 (2435) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെ അനധികൃതമായി നടത്തുന്ന ജലവിനോദ യാത്രകൾ സഞ്ചാരികളുടെ ജീവൻ അപഹരിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം അനധികൃത ജലയാത്രകൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) തട്ടേക്കാട്, തേക്കടി, പൂവ്വാർ ബോട്ട് ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ യാത്രാ ബോട്ടുകൾ പാലിക്കേണ്ട വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) അനധികൃത ജലയാനങ്ങളെ നിയന്ത്രിക്കുന്നതിനായി വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 'ഉൾനാടൻ ജലയാന ചട്ടങ്ങൾ 2010' (KIV Rules 2010) 15-9-2010-ൽ നിലവിൽ വന്നു. ഈ ചട്ടങ്ങളുടെ നിർവ്വഹണ അധികാരിയായി ഉറമുഖ വകുപ്പിനെയും ഉറമുഖ ഡയറക്ടറെയും ചുമതല പ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ ജലയാനങ്ങളുടെ സുരക്ഷാ പരിശോധനകൾ, രജിസ്ട്രേഷൻ വാർഷിക സർവ്വേ എന്നിവയ്ക്കായി 6 കേന്ദ്രങ്ങൾ സജ്ജമാക്കി. ജലയാനങ്ങളിലെ ജീവനക്കാർക്ക് പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി മാരിടൈം ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുകയും ഈ സെന്ററുകൾവഴി ഏകദേശം 10000-ത്തോളം ജീവനക്കാർക്ക് സുരക്ഷാ പരിശീലനം നൽകുകയും ചെയ്തു. ജലയാനങ്ങളുടെ സുരക്ഷാ പരിശോധന നടത്തുന്നതിനായി ചീഫ് സർവ്വെയർ, സർവ്വെയർമാർ എന്നിവരെ നിയമിക്കുകയും അവരുടെ മേൽനോട്ടത്തിൽ കൃത്യമായ സുരക്ഷാ പരിശോധനകളും സർവ്വെകളും നടത്തിവരികയും ചെയ്യുന്നു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കണ്ടെത്തുന്ന ജലയാനങ്ങളുടെ സഞ്ചാര യോഗ്യതാ സർട്ടിഫിക്കറ്റ് മരവിപ്പിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തു വരുന്നു.

ജലവിമാന സർവ്വീസ് പദ്ധതി

226 (2436) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിമാന സർവ്വീസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളെ ബന്ധപ്പെടുത്താനും അതുമുഖേന വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവ് നൽകാനുമായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി എന്നുമുതൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly